(ബി) ഇതിനകം എത്ര മൈൽ ദൂരം പണി പൂർത്തിയായിട്ടുണ്ട്;

(സി) ഇതിനകം തോട്ടപണിക്ക് എത്ര രൂപാ ചിലവായി;

(ഡി) ഇപ്പോൾ പണി നടക്കുന്നുണ്ടോ;

(ഇ) തോടിന്റെ ആഴം കൂട്ടുന്നതിനു് ഡ്രഡ്ജർ വേല ആരംഭിച്ചതെന്നാണു്;

(എഫ്) തുടരെ ആ ജോലി നടന്നോ;

(ജി) നടന്നില്ലെങ്കിൽ അതിനു് കാരണം;

(എച്ച്) തോടിന്റെ പണി എന്നു പൂർത്തിയാകും?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉവ്വ്.

(ബി) വെള്ളനിരപ്പുവരെ തോടിന്റെ മുഴുവൻ നീളമായ ൧൧ മൈൽ ൫,൫൫ ൦ അടിയും ഉവ്വ് താഴ്ത്തിയിട്ടുണ്ട്. ഡ്രഡ്ജർ ഉപയോഗിച്ചു് ആലപ്പുഴനിന്നും ഏകദേശം നാല് മൈൽ വടക്കോട്ടു് താഴ്ത്തിക്കഴിഞ്ഞു.

(സി) ൪,൧൧,൫ ൦൧ രൂപാ.

(ഡി) ഇല്ല.

(ഇ) ഉവ്വ് ൧൯൫൧ ഡിസംബർ മാസത്തിൽ.

(എഫ്) ഇല്ല. ഉവ്വ് ൫ ൦ നവംബർ മാസംവരെ മാത്രമേ ജോലി നടന്നുള്ളു.

(ജി) ഉവ്വ് ൫ ൦ നവംബർ മാസത്തിൽ ഡ്രഡ്ജറിനു കേടുപറ്റിയതിനാലും പിന്നീടു് എടത്വായ്ക്കു് കൊണ്ടുപോകേണ്ടിവന്നതിനാലും.

(എച്ച്) ഉടച്ചയായി പണി നടത്തുവാനുള്ള സൗകര്യങ്ങൾ ഉണ്ടാകുന്നപക്ഷം ഒന്നരക്കൊല്ലംകൊണ്ടു് തീരുമെന്നു് ഉദ്ദേശിക്കുന്നു.

Starred Question posted for Answer on 28th February 1951

കുഴൽകിണറുകൾ

*൧൨൧൯. (൯) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

൧൯൫൭ ൦൧ൽ കുഴൽ കിണറുകൾ എത്തെല്ലാം താലൂക്കിൽ സ്ഥാപിച്ചിട്ടുണ്ടു്?

നിയമവും, ധനകാര്യവും, റവന്യൂവംവകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): കരനാഗപ്പള്ളി താലൂക്കിൽ ആലുങ്കടവു് എന്ന സ്ഥലത്തും കാർത്തികപ്പള്ളി താലൂക്കിൽ തെക്കെ കണ്ടലൂരിൽ കണ്ടൻപുരം എന്ന സ്ഥലത്തും കുഴൽ കിണറുകൾ സ്ഥാപിച്ചിട്ടുണ്ടു്. ഇതിൽ കണ്ടൻപുരത്തെ കുഴൽകിണറിന്റെ ജോലി പൂർത്തിയായില്ല.

Starred Questions posted for Answer on 1st March 1951

കൃഷിത്തോ

*൧൨൨൦. (൫൭) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ദേവികുളം താലൂക്കിലെ പള്ളിവാസൽ പകുതിയിലും പീരുമേടു് താലൂക്കിലെ ഉപ്പുതറ പ്രദേശങ്ങളിലും അടുത്ത കാലത്തു കുത്തകപാട്ടത്തിനു കൃഷിക്കായി ഭൂമി കൊടുത്തതിൽ ദരിദ്രന്മാരുടെ അപേക്ഷകളെ അവഗണിച്ചുകൊണ്ടു് മറ്റുള്ളവർക്കു കൊടുത്തു എന്നുള്ള ആക്ഷേപം കിട്ടിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly